ടൂറിസ്റ്റ് വാരാഘോഷത്തിനുവേണ്ടി കേന്ദ്രത്തിൽനിന്ന് ലഭിച്ച സഹായം

467. [581] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. പി. പ്രഭാകരൻ :
,, കെ. ടി. കുണാരൻ :
,, വി. കെ രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് വാരാഘോഷങ്ങൾക്കുവേണ്ടി കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആഘോഷങ്ങളും മേളകളും പ്രോൽസാഹിപ്പിക്കുന്ന കേന്ദ്ര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് 1985 നവംബറിൽ 2,56,372 രൂപ കേന്ദ്ര ടൂറിസം വകുപ്പ് ധനസഹായം ചെയ്തിട്ടുണ്ട്. ഈ തുക 1,000 സ്റ്റൗൾ കുടയും, 4 ഡിസൽ ജനറേറ്ററുകളും, ഷാമിയാനകളും എന്നിവ വാങ്ങാനാണ് ചെലവഴിച്ചിട്ടുള്ളത്. ഇവ ഇക്കഴിഞ്ഞ ടൂറിസം വാരാഘോഷത്തിനും ടൂറിസം വകുപ്പ് നടത്തിയിട്ടുള്ള മറ്റ് ആഘോഷപരിപാടികൾക്കും ഉപയോഗിച്ചിട്ടുണ്ട്.

എറണാകുളം ഹോട്ടൽ കോംപ്ലക്സിന്റെ പണി

468. [582] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഗസ്റ്റ് ഹൗസിനു സമീപം കെ. ടി. ഡി. സി. പണിയുന്ന ഹോട്ടൽ കോംപ്ലക്സിന്റെ പണി നിർത്തിവച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പണി എന്ന് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ പണി ഏറെറടുത്തു നടത്താൻ മറെറന്തെങ്കിലും ഏജൻസികൾ തയ്യാറായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(എഫ്) ഇത്തരം ഏജൻസികളെ പണി ഏല്പിക്കുന്നതിനുവേണ്ട നിബന്ധനകൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഹോട്ടലിന്റെ നിർമ്മാണം ഫെഡോ (FEDO) യെയാണ് ഏല്പിച്ചിരുന്നത്. പണി വളരെ സാവധാനത്തിൽ ആയിരുന്നതിനാൽ കരാർ പ്രകാരമുള്ള കാലാവധി ആയപ്പോൾ ഇരുപതു ശതമാനം പണി മാത്രമേ തടസ്സമുള്ളൂ. ഈ അവസ്ഥയിൽ അവർ പണി നിർത്തി വയ്ക്കുകയും തോലി മുഴുമിപ്പിക്കുന്നതിന് കരാറിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ തുക നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ സംബന്ധിച്ച് നടന്ന ചർച്ചകൾ പരാജയപ്പെടുകയും കോർപ്പറേഷൻ ഫെഡോയുമായുള്ള കരാർ പിൻവലിക്കുകയും ചെയ്തു. പിന്നീട് കോർപ്പറേഷന്റെ സാമ്പത്തിക പരിമിതികൾ മൂലം ഉടൻ തന്നെ മറേതെങ്കിലും വിധത്തിൽ ഹോട്ടലിന്റെ പണി പുനരാരംഭിക്കാൻ കഴിഞ്ഞില്ല.

(സി) അടുത്ത രണ്ടോ മൂന്നോ മാസങ്ങൾക്കകം പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി, ഇ) തിരുവനന്തപുരത്തുള്ള ശില്പി കൺസ്ട്രക്ഷൻ കോൺട്രാക്ടേഴ്സ് ടെൻഡർ സമർപ്പിക്കുകയും അവരുടെ പേരിൽ ടെൻഡർ ഉറപ്പിക്കുകയും ചെയ്തെങ്കിലും അവർ യഥാസമയം എഗ്രിമെന്റ് ഒപ്പിടുവാൻ തയ്യാറായില്ല. കൂടാതെ അവർ നേരത്തെ തന്നിരുന്ന ടെൻഡറിനെക്കാൾ 50 ശതമാനം തുക കൂടി ചോദിക്കുകയും ചെയ്തു. ഇക്കാരണങ്ങളാൽ ഈ ടെൻഡർ റദ്ദാക്കുകയും പുതിയ ടെൻഡർ വിളിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(എഫ്) ഗവൺമെന്റിന്റെ പൊതുമരാമത്തുവകുപ്പ് ഇത്തരം കാര്യങ്ങളിൽ അനുവർത്തിക്കുന്ന നടപടി ചട്ടങ്ങൾ തന്നെയാണ് കോർപ്പറേഷനും സ്വീകരിച്ചിരിക്കുന്നത്.

കൊച്ചിയിലെ അന്താരാഷ്ട്ര വള്ളംകളി

469. [583] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ അന്താരാഷ്ട്ര വള്ളംകളി അതേസമയത്തുതന്നെ ടെലിവിഷനിൽ കാണാനുള്ള അവസരം സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു ;

(ബി) ദിലേ ഉപകരണങ്ങൾ കൊച്ചിയിൽ കൊണ്ടുവന്ന ടെലിവിഷൻ ഉദ്യോഗസ്ഥൻമാർ പ്രസ്തുത പരിപാടി ദൂ. വി. യിൽ എടുത്തില്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അപ്രകാരം പ്രവർത്തിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെട്ടുവോ ?

ഉത്തരം

(എ, ബി, സി) സാങ്കേതിക സൗകര്യങ്ങളുടെ ലഭ്യതയെ അടിസ്ഥാനപ്പെടുത്തിയാണ് നേരിട്ടുള്ള സംപ്രേക്ഷണം ഏർപ്പെടുത്തുന്നത്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത് ദൂരദർശൻ അധികാരികളാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രവർത്തന പരിധിയിൽ വരുന്ന ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകിച്ച് നടപടികളൊന്നും എടുക്കാനില്ല.

മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

470. [584] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly